**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 229** **04-10-2021 - ൽ മറുപടിയ്ക്ക്**

**താൽക്കാലിക ജീവനക്കാരുടെ സേവന കാലാവധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് ചികിത്സയ്ക്കും പ്രതിരോധ പ്രവർത്തനങ്ങൾക്കുമായി ദേശീയ ആരോഗ്യ മിഷൻ സംസ്ഥാനത്ത് നിയമിച്ച താൽക്കാലിക ജീവനക്കാരുടെ സേവന കാലാവധി എന്നാണ് അവസാനിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | കോവിഡ് ബ്രിഗേഡിൽ നിയമിച്ച താൽക്കാലിക ജീവനക്കാരുടെ കരാർ കാലാവധി മാർച്ച് മാസം വരെ ആയിരുന്നു. ആയത് 6 മാസത്തേയ്ക്ക് സംസ്ഥാന സർക്കാരാണ് ദീർഘിപ്പിച്ചു നൽകിയത്. കോവിഡ് രോഗം നിയന്ത്രണ വിധേയമായി വരുന്ന സാഹചര്യത്തിലും, കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി താൽക്കാലിക ജീവനക്കാരെ നിയമിക്കുന്നതിനായി കേന്ദ്രസർക്കാർ അനുവദിച്ചിരുന്ന ഫണ്ട് നിർത്തലാക്കിയതിനാലും കോവിഡ് ബ്രിഗേഡ് സംവിധാനം നിർത്തലാക്കി ഓരോ ജില്ലയിലും അവശ്യം വേണ്ട ജീവനക്കാരുടെ സേവനം ഉപയോഗപ്പെടുത്താൻ ഒരു പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | കോവിഡ് മൂന്നാം തരംഗത്തിന്റെ പ്രതിരോധ പ്രവർത്തനങ്ങൾ ഊർജിതമാക്കേണ്ടതിനാൽ പ്രസ്തുത ജീവനക്കാരുടെ സേവനം തുടർന്നും ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | കോവിഡ് ബ്രിഗേഡിൽ നിയമിച്ച താൽക്കാലിക ജീവനക്കാരുടെ കരാർ കാലാവധി മാർച്ച് മാസം വരെ ആയിരുന്നു. ആയത് 6 മാസത്തേയ്ക്ക് സംസ്ഥാന സർക്കാരാണ് ദീർഘിപ്പിച്ചു നൽകിയത്. കോവിഡ് രോഗം നിയന്ത്രണ വിധേയമായി വരുന്ന സാഹചര്യത്തിലും, കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി താൽക്കാലിക ജീവനക്കാരെ നിയമിക്കുന്നതിനായി കേന്ദ്രസർക്കാർ അനുവദിച്ചിരുന്ന ഫണ്ട് നിർത്തലാക്കിയതിനാലും കോവിഡ് ബ്രിഗേഡ് സംവിധാനം നിർത്തലാക്കി ഓരോ ജില്ലയിലും അവശ്യം വേണ്ട ജീവനക്കാരുടെ സേവനം ഉപയോഗപ്പെടുത്താൻ ഒരു പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ